എസ്. എസ്. എൽ. സി. പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി പുറപ്പെടുവിച്ചിരുന്നു. പരീക്ഷാ നടത്തിപ്പ് പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനങ്ങൾ കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കും.

(എഫ്) ഈ വിഷയം ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനം

*10 [114] *ശ്രീ. എ. കെ. ബാലൻ:*
,, കെ. പി. സതീശ്ചന്ദ്രൻ:
ഡോ. തോമസ് ഐസക്:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനം മെരിറ്റിന്റെ അടിസ്ഥാനത്തിലിരിക്കണമെന്ന കോടതി നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനത്തിന് ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(സി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മാനേജ്മെന്റ് കോട്ടയിലും വിദ്യാർത്ഥികളുടെ പ്രവേശനം എൻട്രൻസ് കമ്മീഷണറുടെ ലിസ്റ്റിലെ റാങ്കിന്റെ മുൻഗണനാ ക്രമത്തിൽ ആയിരിക്കണമെന്ന് നിർദ്ദേശിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഉണ്ട്.

(ബി) ഉണ്ട്. കേരള സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീ ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) ആക്ട്, 2004-ൽ ഇതിനുള്ള വ്യവസ്ഥയുണ്ട്. പ്രസ്തുത ആക്ടിന്റെ 6-ാം വകുപ്പു അനുസരിച്ച് തലവരി പണം വാങ്ങാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച പരാതി പരിശോധിക്കാൻ സുപ്രീം കോടതിയിൽ നിന്നോ ഹൈക്കോടതിയിൽ നിന്നോ വിരമിച്ച ജഡ്ജി ചെയർമാനും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിയായും ആരോഗ്യകുടുംബക്ഷേമ വകുപ്പ്, നിയമവകുപ്പ്, സെക്രട്ടറിമാർ, പ്രവേശന പരീക്ഷാ കമ്മീഷണർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു വിദ്യാഭ്യാസ വിദഗ്ദ്ധൻ എന്നിവർ അംഗങ്ങളുമായ ഒരു സമിതി രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തവണവ്യവസ്ഥയായി നൽകുന്ന പണം സർക്കാരിലേക്ക് കണ്ടുകെട്ടാനും അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ തുകയും അതിന്റെ പലിശയും വസ്തുവിൻമേലുള്ള പൊതു റവന്യൂ കുടിശ്ശികയായി പരിഗണിക്കുകയും ആ തുക ഈടാക്കുന്നതിനോ അടയ്ക്കുന്നതിനോ ഗവൺമെന്റിലേക്ക് കണ്ടുകെട്ടാനും പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) കേരള സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജ് (പ്രൊഫിബിഷൻ ഓഫ് കമ്മ്യൂണിറ്റേഷൻ ഫീ ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് റിക്സേഷൻ ഓഫ് ഫീസ്) ആക്ട്, 2004 പ്രകാരം ഓരോ സെൽഫ് ഫൈനാൻസിംഗ് കോളേജിലെയും ആകെയുള്ള സീറ്റിന്റെ 50% ഗവൺമെന്റ് കോട്ടയായും ബാക്കി 50% മാനേജ്മെന്റ് കോട്ടയായും നിജപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് കോട്ടയിലെ സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പരീക്ഷയിൽ ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ച് നികത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാനേജ്മെന്റ് കോട്ടയിലെ സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റിസ്റ്റിൽ നിന്നോ മാനേജ്മെന്റ് കോളേജുകളുടെ കൺസോർഷ്യം നടത്തുന്ന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിലോ നടത്തണമെന്നാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

എക്സ്പ്രസ്സ് ഫൈറ്റ് പദ്ധതി

*11 [115] *ശ്രീ. മഞ്ഞളാംകുഴി അലി:*
,, *എം. വി. ഗോവിന്ദൻ മാസ്റ്റർ:*
,, *വി. ചെന്താമരാക്ഷൻ:*
,, *കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ്സ് ഫൈറ്റ് പദ്ധതിയുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള സർവ്വേ പ്രവർത്തനം എത്രത്തോളം ആയിട്ടുണ്ട്;

(സി) എത്രമാത്രം സ്ഥലമാണ് ഈ പദ്ധതിക്കാവശ്യമായി കണക്കാക്കിയിട്ടുള്ളത്;

(ഡി) എക്സ്പ്രസ്സ് ഫൈറ്റ് പദ്ധതിയുടെ കാര്യത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly